Mathrubhumi
മാതൃഭൂമി

# ബേക്കൽ കടപ്പുറം ശുചീകരിച്ചു




തീരശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് മുന്നിട്ടിറങ്ങി ബേക്കൽ പുതിയ കടപ്പുറം ശുചീകരിക്കുന്നു

**ബേക്കൽ** ▸ അന്താരാഷ്ട്ര തീരശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് ബേക്കൽ പുതിയ കടപ്പുറം ശുചീകരിച്ചു. മലിനീകരണ നിയന്ത്രണബോർഡ് ജീവനക്കാർ, കാഞ്ഞങ്ങാട് നെഹ്റു കോളേജ് എൻഎസ്എസ്, എൻസിസി വൊളന്റിയർമാർ, പള്ളിക്കര പഞ്ചായത്ത് ഹരിത കർമസേന അംഗങ്ങൾ, ഹരിത കേരള മിഷൻ, ബിആർഡിസി, ഡിടിപിസി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. പള്ളിക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ് നാസ്നിൻ വഹാബ് ഉദ്ഘാടനം ചെയ്തു.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഓഫീസർ മഹഫൂസ മൻസൂരി അധ്യക്ഷനായി. മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ പി.ബി.ശ്രീലക്ഷ്മി, അസി. എൻജിനീയർ എ. വിസ്മയ, എം.എസ്.മനോജ്, ദിവാകരൻ കടിഞ്ഞിമൂല, പി.വി.സജീവൻ, കെ.ബാലചന്ദ്രൻ, ഡോൺ കുര്യാക്കോസ്, ഡോ. കെ.സൂര്യ നായർ, ടി.വി.ആദർശ്, എസ്. നീരജ് എന്നിവർ സംസാരിച്ചു.

## കീഴൂർ കടപ്പുറത്തെ പ്ലാസ്റ്റിക് മാലിന്യം നീക്കി

**പരവനടുക്കം** ▸ പരവനടുക്കം ശ്രീ വിഷ്ണു വിദ്യാലയം വിദ്യാർഥികളും അധ്യാപകരും വിദ്യാലയസമിതി പ്രവർത്തകരും കീഴൂർ കടപ്പുറം ശുചീകരിച്ചു. ചെമ്മനാട് പഞ്ചായത്തംഗം ധന്യാദാസ് ഉദ്ഘാടനം ചെയ്തു. നാരായണൻ വടക്കിനിയ അധ്യക്ഷനായി. ഭാരതീയ വിദ്യാനികേതൻ സംസ്ഥാന യോഗ പ്രമുഖ് മുരളീധരൻ, ജില്ലാ സംയോജക് എൻ.സി.ടി. ഗോപിനാഥൻ, ജില്ലാ നൈതിക സഹപ്രമുഖ പദ്മാവതി, വിദ്യാലയം സെക്രട്ടറി സുരേഷ് മണിയങ്ങാനം, ഗോപിനാഥൻ കുതിരക്കോട് എന്നിവർ സംസാരിച്ചു.



കീഴൂരിൽ നടന്ന ശുചീകരണ പരിപാടി ചെമ്മനാട് പഞ്ചായത്തംഗം ധന്യാദാസ് ഉദ്ഘാടനം ചെയ്യുന്നു

മലയാള മനോരമ



ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ ഇന്റർനാഷനൽ കോസ്റ്റൽ ക്ലീനപ്പ് ഡേയുടെ ഭാഗമായി ബേക്കൽ പുതിയ കടപ്പുറത്ത് നടത്തിയ ശുചീകരണം.

# ബേക്കൽ കടപ്പുറം ശുചീകരിച്ചു

ബേക്കൽ ● ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് 2 ദിവസങ്ങളിലായി നടത്തിയ ഇന്റർനാഷനൽ കോസ്റ്റൽ ക്ലീനപ്പ് ഡേയുടെ ഭാഗമായി പുതിയ കടപ്പുറത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

പള്ളിക്കര പഞ്ചായത്ത് വൈസ് പ്രസിഡന്റ് നാസ്നിൻ വഹാബ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഓഫിസർ മഹഫൂസ മൻസൂരി അധ്യക്ഷത വഹിച്ചു.

എം.എസ്.മനോജ്, ദിവാകരൻ കടിഞ്ഞിമൂല, പി.വി.സജീവൻ, കെ.ബാലചന്ദ്രൻ, ഡോൺ കുര്യാക്കോസ്, ഡോ.കെ.സൂര്യ നായർ, ടി.വി.ആദർശ്, എസ്.നീരജ്, മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫിസർ പി.ബി.ശ്രീലക്ഷ്മി, അസിസ്റ്റന്റ് എൻജിനീയർ എ.വിസ്മയ എന്നിവർ പ്രസംഗിച്ചു.

സമുദ്ര സംരക്ഷണ പ്രതിജ്ഞ, സംരക്ഷണ സൂചനാ ബോർഡ് സ്ഥാപിക്കൽ, സെൽഫി പോയിന്റ്, സിഗ്നേച്ചർ പോയിന്റ് തുടങ്ങിയ പ്രവർത്തനങ്ങളും ശുചീകരണത്തിന്റെ ഭാഗമായി നടന്നു.

22/09/2025 | Kasargod | Page : 15
Source : https://epaper.manoramaonline.com/

## ബേക്കൽ കടപ്പുറം ശുചീകരിച്ചു

**ബേക്കൽ**

ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ ഇന്റർനാഷനൽ കോസ്റ്റൽ ക്ലീനപ്പ് ഡേ യുടെ ഭാഗമായി ബേക്കൽ പുതിയ കടപ്പുറത്ത് ശുചീകരണം നടത്തി. ബോർഡിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ, കാഞ്ഞങ്ങാട് നെഹ്റു കോളേജ് എൻഎസ്എസ്, എൻസിസി വളണ്ടിയർമാർ, പള്ളിക്കര പഞ്ചായത്ത് ഹരിതകർമസേന അംഗങ്ങൾ, ഹരിത കേരള മിഷൻ, ബിആർഡിസി, ഡിടിപിസി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് നാസ്സിൻ വഹാബ് ഉദ്ഘാടനം ചെയ്തു. മഹഫൂസ മൻസൂരി അധ്യക്ഷയായി. എം എ സ് മനോജ്, ദിവാകരൻ കടിഞ്ഞിമൂല, പി വി സജീവൻ, കെ ബാലചന്ദ്രൻ, ഡോൺ കുര്യാക്കോസ്, ഡോ കെ സൂര്യനായർ, ടി വി ആദർശ്, എസ് നിരജ് എന്നിവർ സംസാരിച്ചു. പി ബി ശ്രീലക്ഷ്മി സ്വാഗതവും എ വിസ്മയ നന്ദിയും പറഞ്ഞു.



സിപിഐ എം ദേലംപാടി പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിക്കുന്ന വികസന മുന്നേറ്റ കാൽനട ജാഥ

**അഡൂർ**

ദേലംപാടി പഞ്ചായത്തിൽ നടപ്പിലാക്കിയ വികസനപദ്ധതികൾ ജനങ്ങളോട് വിശദീകരിക്കുന്നതിനായി സിപിഐ എം ദേലംപാടി പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിക്കുന്ന വികസന മുന്നേറ്റ കാൽനട ജാഥയ്ക്ക് ആവേശകരമായ സ്വീകരണം. ജാഥ ശനിയാഴ്ച ഊജംപാടി, സാലത്തടുക്ക, നുജിബെട്ടു, പള്ളങ്കോട്, പുതിയമ്പലം, ദേവറഡുക്ക എന്നിവിടങ്ങളിലെ സ്വീകരണങ്ങൾക്കുശേഷം മുണ്ടക്കാട് സമാപിച്ചു.

വിവിധ കേന്ദ്രങ്ങളിൽ ക്യാപ്റ്റൻ സി കെ കുമാരൻ, വൈസ് ക്യാപ്റ്റൻ എ പി ഉഷ, മാനേജർ എ പി കുശലൻ, ഡി എ അബ്ദുള്ളക്കുഞ്ഞി, തിമ്മയ്യ, എ സുരേന്ദ്രൻ, സി രാധാകൃഷ്ണൻ, പി ആർ പവിത്രൻ, അശോകൻ തീർത്ഥക്കര, രമുഞ്ഞി അഡൂർ, ജെ അശോകൻ എന്നിവർ സംസാരിച്ചു. ബിജു, പ്രശാന്ത്, പ്രിയ, അസീസ്, റോഷ്നി, ശശികല എന്നിവർ അധ്യക്ഷരായി. വസന്തൻ, അരുണാക്ഷി, ചന്ദ്രശേഖര നായക്, രാഘവൻ കൊട്യാടി, പവൻ കുമാർ, ഇബ്രാഹിം എന്നിവർ സ്വാഗതം പറഞ്ഞു. മുണ്ടക്കാട് സമാപനയോഗം ഏരിയാ സെക്രട്ടറി എം മാധവൻ ഉദ്ഘാടനം ചെയ്തു. ഇക്ബാൽ അധ്യക്ഷനായി. വാമനൻ സ്വാഗതം പറഞ്ഞു.

ഞായറാഴ്ച ചാമക്കൊച്ചി, മല്ലംപാറ, കൊറ്റുമ്പ, ബളവന്തടുക്ക, പാണ്ടി സ്വീകരണങ്ങൾക്ക് ശേഷം പള്ളഞ്ചിയിൽ സമാപിക്കും. തിങ്കളാഴ്ച അഡൂർ ടൗണിൽ സമാപനം സംസ്ഥാന സെക്രട്ടറിയറ്റംഗം എം വി ജയരാജൻ ഉദ്ഘാടനംചെയ്യും.



ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ ബേക്കൽ കടപ്പുറം ശുചീകരിക്കുന്നു